# കൂടെയുണ്ട് ക്രിസ്തുജ്യോതി

വാഴൂർ ● ചങ്ങനാശേരി ക്രിസ്തു ജ്യോതി കോളജ് സോഷ്യൽ വർക് ഡിപാർട്മെന്റ് ഐക്യുഎസി, ഉന്നത് ഭാരത് അഭിയാൻ എന്നിവ ചേർന്ന് പഞ്ചായത്തിലെ നിർധന രോഗികൾക്ക് ഡയാലിസിസ് കിറ്റുകൾ നൽകി. ക്രിസ്തു ജ്യോതി കോളജ് എംഎസ്ഡബ്ല്യു വിദ്യാർഥിനികളായ ശ്രേയ, നിയ, നമ്രദ ആര്യ, അനുഗ്രഹ എന്നിവർ ചേർന്ന് സംഘടിപ്പിച്ച " കൂടെ " ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായാണ് കിറ്റ് വിതരണം നടന്നത്.

പഞ്ചായത്ത് പ്രസിഡന്റ് വി.പി.റെജി, പഞ്ചായത്ത് സെക്രട്ടറി എം. സൗമ്യ, പഞ്ചായത്തംഗങ്ങൾ, കോളജ് എംഎസ്ഡബ്ല്യു വകുപ്പ് മേധാവി ഡോ. സൂര്യ കൃഷ്ണ, അധ്യാപിക ട്രീസ ഡിലൈറ്റ് എന്നിവർ പങ്കെടുത്തു.